# പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 220 02/03/2020-ൽ മറുപടിയ്ക്ക്

## മാലിന്യസംസ്കരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പ്രദീപ് കുമാർ** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ; | (എ) | **ബയോ മെഡിക്കൽ വേസ്റ്റ്** : കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ നിലവിൽ ഇമേജ് (IMAGE – Indian Medical Association Goes Ecofriendly) ആണ് ബയോ മെഡിക്കൽ വേസ്റ്റ് നീക്കം ചെയ്യുന്നത്. നടപ്പ സാമ്പത്തിക വർഷം 75 ലക്ഷം രൂപ ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജനം ചെയ്യുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>**ഭക്ഷ്യ മാലിന്യം** : ദിനം പ്രതി ഏകദേശം 1100 കിലോ ഭക്ഷ്യ മാലിന്യം കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ ഉണ്ടാകുന്നുണ്ട്. ഇത് ആശുപത്രിയിലും അനുബന്ധ സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ബയോ ഗ്യാസ് പ്ലാന്റിൽ ആണ് നിക്ഷേപിക്കുന്നത്.<br>**പൊതു മാലിന്യം** : മെഡിക്കൽ കോളേജിൽ ഒരു ദിവസം ഏകദേശം 2000 കിലോ പൊതുമാലിന്യം ഉണ്ടാകുന്നുണ്ട്. ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിന് ഗ്രീൻ കേരള മിഷനെ ഏൽപ്പിച്ചെങ്കിലും ആയത് ഫലപ്രദമല്ലാത്തതിനാൽ ആശുപത്രിയിൽ ഉണ്ടാകുന്ന പൊതുമാലിന്യം വേസ്റ്റ് ക്യാപ്പിങ്ങ് രീതിയിൽ ട്രെഞ്ച് എടുത്ത് പ്ലാസ്റ്റിക് ഷീറ്റ് വിരിച്ച് കോഡിങ്ങ് രീതിയിൽ സംസ്കരിച്ച് വരുന്നു.<br>**ദ്രവ മാലിന്യം** : മെഡിക്കൽ കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലുമായി പ്രതിദിനം ഏകദേശം 5 എം.എൽ.ഡി ദ്രവ മാലിന്യം ആണ് പുറത്തേക്കൊഴുകുന്നത്. ഇത് പൂർണ്ണമായും ശുദ്ധീകരിച്ച് പുറം തള്ളുന്നതിന് 2 എം.എൽ.ഡി പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും പൂർണ്ണ തോതിൽ ശുദ്ധീകരിക്കാൻ കഴിയാത്ത മലിനജലം ഓക്സിഡേഷൻ പോണ്ടിലേക്കാണ് പോകുന്നത്. ഓക്സിഡേഷൻ പോണ്ടിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഒരു കളക്ഷൻ വെൽ നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | ഇവിടുത്തെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പുതിയ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | മെഡിക്കൽ കോളേജിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി 43,24,405/- രൂപ കെ.എം.എസ്.സി.എൽ-ന് ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. ടെൻഡർ ഏറ്റെടുത്ത സ്ഥാപനം ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്.<br>കോഴിക്കോട് കോർപ്പറേഷൻ AMRUT പദ്ധതിയിലുൾപ്പെടുത്തി 2MLD, 1MLD (with 100 KLD septage) എന്നിങ്ങനെ കപ്പാസിറ്റിയുള്ള മലിന ജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പ്ലാന്റുകൾ കൂടി പ്രവർത്തന ക്ഷമമാകുന്നതോടെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ മാലിന്യ ജല പ്രശ്നങ്ങൾക്ക് പൂർണ്ണമായും പരിഹാരമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ